വർഗ്ഗീയ സംഘടനകളിൽ പ്രവർത്തിക്കാൻ വിലക്ക്

97 (3287) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജീവനക്കാർ ആർ.എസ്.എസ്., ജമാഅത്തെ ഇസ്ലാമി, ശിവസേന തുടങ്ങിയ സംഘടനകളിൽ അംഗത്വം എടുക്കുന്നതിനും പ്രവർത്തിക്കുന്നതിനും വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത്തരം സംഘടനകളിൽ പ്രവർത്തിക്കുന്ന സർക്കാർ ജീവനക്കാരുടെ പേരിൽ സർക്കാർ നടപടി സ്വീകരിക്കുമോ ;

(സി) ഇത്തരം സംഘടനകളിൽ പ്രവർത്തിച്ചതിന്റെ പേരിൽ ഏതെങ്കിലും ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ അവരുടെ പേര് വിവരം അറിയിക്കുമോ ;

(ഇ) ഭീകരവാദ സംഘടനകളിലും വർഗ്ഗീയ ഫാസിസ്റ്റ് സംഘടനകളിലും പ്രവർത്തിക്കുന്ന സർക്കാർ ജീവനക്കാരുടെ പേരിൽ കർശനമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഇ) ഇതുസംബന്ധിച്ച് 3-2-1982-ൽ പുറപ്പെടുവിച്ച ഗവൺമെന്റ് സർക്കുലറാണ് പ്രാബല്യത്തിലുള്ളത്. ഇതുപ്രകാരം ആർ.എസ്.എസ്. ജമാഅത്തെ ഇസ്ലാമി എന്നീ സംഘടനകളുമായി ബന്ധപ്പെടുന്നത് വിലക്കിയിട്ടുണ്ട്. ഈ സർക്കുലറിലെ നിബന്ധനകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന സർക്കാർ ജീവനക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. സർക്കുലർ നംപർ 9900/എസ്.ആർ2/81/ജി.എ.ഡി. തീയതി 3-2-1982 അനുബന്ധമായി ചേർത്തിട്ടുണ്ട്.*

എ.എസ്.ഐ.മാരുടെ ഒഴിവുകൾ

98 (3288) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസ് വകുപ്പിൽ എ.എസ്.ഐ മാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്തമോ ;

(ബി) 25 മുതൽ 28 വർഷം വരെ സർവ്വീസുള്ള ഹെഡ് കോൺസ്റ്റബിൾമാർക്ക് ഒഴിവുള്ള എ.എസ്.ഐ തസ്തികയിലേക്ക് പ്രമോഷൻ നൽകുന്നതിനുള്ള തടസ്സമെന്തെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രമോഷന് അർഹതയുള്ള എച്ച്.സി മാർക്ക്, എ.എസ്.ഐ. മാരായി പ്രമോഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാന പോലീസ് വകുപ്പിൽ എ.എസ്.ഐമാരുടെ നിലവിലുള്ള ഒഴിവുകളുടെ എണ്ണം താഴെപ്പറയുന്നു.

ലോക്കൽ എ.എസ്. ഐ	115
എ.ആർ.എ.എസ്.ഐ	52
എ.പി. ബറ്റാലിയൻ എ.എസ്.ഐ	16
ടെക്നിക്കൽ	8

(ബി) ദീർഘകാല സർവ്വീസ് കണക്കാക്കിയല്ല പകരം ഓരോ ജില്ലയിലേയും എച്ച്.സി മാരുടെ സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ റെയ്ഞ്ച് സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ ആണ് നിലവിലുള്ള ഒഴിവുകളിലേയ്ക്ക് എ.എസ്.ഐ മാരായി പ്രമോഷൻ നൽകി വരുന്നത്.

(സി) അർഹതയുള്ള എച്ച്.സി. മാരുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കി പ്രമോഷൻ നൽകുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഹോമിയോ മെഡിക്കലാഫീസറായ നന്ദകുമാറിനെ മർദ്ദിച്ചതായുള്ള പരാതി

99 (3289) ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിൽ മണീട് ഗ്രാമ പഞ്ചായത്തിന്റെ 8-3-2000-ൽ കൂടിയ ജനകീയസൂത്രണ കമ്മിറ്റിയോഗത്തിൽ വച്ച് ഹോമിയോമെഡിക്കൽ ഓഫീസറായ നന്ദകുമാറിനെ മർദ്ദിച്ചതായുള്ള പരാതി പിറവം പോലീസിന് ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ആരെയെല്ലാം പ്രതിയാക്കി ഏതെല്ലാം വകുപ്പ് പ്രകാരമാണ് കേസെടുത്തിട്ടുള്ളത് ;

(സി) ഈ സംഭവവുമായി ബന്ധപ്പെട്ട മണീട് പഞ്ചായത്ത് പ്രസിഡന്റിന്റെ പരാതി പോലീസിന് ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത പരാതിയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ എന്തെല്ലാമാണ് ;

(ഡി) ഈ സംഭവവുമായി ബന്ധപ്പെട്ട എത്ര കേസുകൾ പോലീസ് എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഇ) പ്രസ്തുത കേസുകളിലെ പ്രതികൾ ആരെല്ലാമാണ് ?

ഉത്തരം

(എ) ഫോൺ മുഖാന്തിരം വിവരം ലഭിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly